പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2446 14.06. 2019 ൽ മറുപടിക്ക്

# വൈദ്യുതി മോഷണ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ.മാക്സി. | ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര വൻകിട, ചെറുകിട വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തിയിട്ടുണ്ട്; വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 678 വൈദ്യുതി മോഷണകേസുകളാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് ഫൈൻ ഇനത്തിൽ നാളിതുവരെ എത്ര തുക ഈടാക്കി; വ്യക്തമാക്കുമോ; | (ബി) ഇതുമായി ബന്ധപ്പെട്ട് പിഴയിനത്തിൽ നാളിതുവരെയായി ₹6,30,58,649/- ഈടാക്കിയിട്ടുണ്ട്. |
| (സി) നിലവിൽ എത്ര വൈദ്യുതി മോഷണകേസുകൾ സംസ്ഥാനത്തെ വിവിധ കോടതികളിൽ നിലനിൽക്കുന്നുണ്ട്; | (സി) സംസ്ഥാനത്തെ വിവിധ കോടതികളിൽ വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് '4' വ്യവഹാരങ്ങൾ നിലനിൽക്കുന്നു. |
| (ഡി) ഇത്തരത്തിലുള്ള വൈദ്യുതി മോഷണം തടയാനും ബോർഡിന്റെ നഷ്ടം കുറയ്ക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ഡി) സംസ്ഥാനത്തെ വൈദ്യുതി മോഷണം തടയുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോട്ടു കൂടി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ എല്ലാ ജില്ലകളിലുമായി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ മാധ്യമങ്ങൾ, website എന്നിവ മുഖേനയും വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്.<br>ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി |

| | |
|---|---|
| | വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി സീലുകൾ ഉപയോഗിക്കുകയും ചെയ്തു വരുന്നു.<br><br>എ.പി.റ്റി.സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള സ്റ്റാൻഡാർഡ് റഫറൻസ് മീറ്റർ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ലാപ് ടോപ്പ്, തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ പവർ എഞ്ചിനീയറിംഗ് ട്രെയിനിംഗ് സെന്റർ, ഇടുക്കി മൂലമറ്റത്ത് എ.പി.റ്റി.എസ് സ്റ്റാഫിന് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതിനും വേണ്ട വിധത്തിലുള്ള പരിശീലനം നൽകി വരുന്നു. വിശദമായ നിലയിൽ ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സെക്ഷൻ ഓഫീസിലെ ഫീൽഡ് ഓഫീസേഴ്സിനേയും, സബ് എഞ്ചിനീയർ, മീറ്റർ റീഡേഴ്സ്, ലൈൻമാൻ, വർക്കർ തുടങ്ങി എല്ലാ ജീവനക്കാരെയും ഇതേപറ്റി ബോധവത്കരിക്കുകയും അടിക്കടിയുള്ള പരിശോധനകൾ നടത്താൻ അതാത് എ.പി.റ്റി.എസ് യൂണിറ്റുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ